**പതിനഞ്ചാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4147** **18-07-2022-ൽ മറുപടിയ്ക്ക്**

**<u>അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** പി.എം.സി. കൾ, അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് സ.ഉ (പി) നം. 67/2021/ധന തീയതി 28/04/2021 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പി.എം.സി. കളായ അക്രെഡിറ്റഡ് ഏജൻസികൾ ടെണ്ടർ പ്രക്രിയയിലൂടെ തെരഞ്ഞെടുത്ത കോൺട്രാക്ടർമാർ മുഖേന പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്. ഒരു പി.എം.സി അക്രഡിറ്റഡ് ഏജൻസിക്ക് മറ്റൊരു അക്രെഡിറ്റഡ് ഏജൻസി മുഖാന്തിരം പ്രവൃത്തി നടപ്പിലാക്കാൻ കഴിയില്ല. .

**(ബി)** പ്രവൃത്തികൾ പി.എം.സി. കൾ വഴി നടത്തേണ്ട ഘട്ടത്തിൽ ഭരണ വകുപ്പ് ഇക്കാര്യം വ്യക്തമാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ടോ; എങ്കിൽ പ്രവൃത്തിയുടെ ഭാഗമായുള്ള സർക്കാർ ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കേണ്ട സാഹചര്യം ഉണ്ടോ എന്ന് അറിയിക്കാമോ;

**<u>മറുപടി:</u> സ.ഉ.(പി)നം. 67/2021/ധന തീയതി 28/04/2021 ഖണ്ഡിക 6 ലെ വ്യവസ്ഥകൾ പ്രകാരം പ്രവൃത്തി നടപ്പിലാക്കുന്ന വകുപ്പ് പ്രസ്തുത പ്രവൃത്തി പി.എം.സി/നോൺ പി.എം.സി ആയാണോ നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കിയിരിക്കണം.**

**(സി)** മരാമത്ത് പ്രവൃത്തികൾക്കായുള്ള സർക്കാർ ഉത്തരവിൽ പി.എം.സി. അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുന്നത് സംബന്ധിച്ച് പരാമർശിക്കാത്ത പക്ഷം ഏതൊക്കെ ഉദ്യോഗസ്ഥർക്കാണ് ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ നിർവ്വഹിക്കാൻ സാധിക്കുന്നത് എന്നറിയിക്കാമോ?

**<u>മറുപടി:</u> മരാമത്ത് പ്രവൃത്തികൾക്കായുള്ള സർക്കാർ ഉത്തരവിൽ അക്രെഡിറ്റഡ് ഏജൻസികളെ പ്രവൃത്തി ഏൽപ്പിക്കുന്നത് സംബന്ധിച്ച് പരാമർശിക്കാത്ത പക്ഷം വകുപ്പ് മേലധികാരിക്കാണ് (നിർവ്വഹണ ഉദ്യോഗസ്ഥൻ) ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ നിർവ്വഹിക്കാൻ സാധിക്കുന്നത്.**

**സെക്ഷൻ ഓഫീസർ**